LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

105 [1227] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര, വരവൂർ, തളി റോഡ്, തിരുവിലാമല കുത്താമ്പുള്ള റോഡ് എന്നിവയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡുകൾ വീതികൂട്ടി പുനർ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ റോഡുകളുടെ പുനർ നിർമ്മാണത്തിന് നബാർഡിന്റെ സാമ്പത്തിക സഹായം ആശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അല്ലാത്തപക്ഷം പൊതുമരാമത്ത് വകുപ്പ് തന്നെ നേരിട്ട് ഈ റോഡുകളുടെ പുനർ നിർമ്മാണം നടത്തി ഗതാഗത യോഗ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വീതികൂട്ടി പുനർ നിർമ്മിക്കുന്നതിന് ഇപ്പോൾ പദ്ധതികളൊന്നുമില്ല.

(സി & ഡി) ഉദിക്കുന്നില്ല.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

106 [1228] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ-ചിറക്കര ക്ഷേത്രം-ബ്ലോക്കുമരം റോഡ്, ആയൂർ-ഇത്തിക്കര 17 കിലോമീറ്റർ മുതൽ 24 കിലോമീറ്റർ വരെയുള്ള റോഡ്, പരവൂർ-തിരുമുക്ക് റോഡ്, പാരിപ്പള്ളി-പരവൂർ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണികളുടെ ടെക്നിക്കൽ സാംഗ്ഷൻ, ടെണ്ടർ എന്നിവ എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(സി) മേൽ വർക്കുകളുടെ ടെണ്ടർ എഗ്രിമെന്റ് അംഗീകരിച്ച് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ; ആയത് ഉടൻ അംഗീകരിച്ചു നൽകുമോ ;

(ഡി) പ്രസ്തുത റോഡുകളുടെ പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി 2006 മാർച്ചിന് മുമ്പ് പൊതുജനങ്ങൾക്കായി സമർപ്പിക്കുമോ ?

ഉത്തരം

(എ & ബി) 1. കല്ലുവാതുക്കൽ-ചിറക്കര ക്ഷേത്രം-ബ്ലോക്കുമരം റോഡിന് 64 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ നടത്തിവരുന്നു.

2. ആയൂർ-ഇത്തിക്കര റോഡിന് (കിലോമീറ്റർ 17/600 മുതൽ 24/50 കിലോമീറ്റർ വരെ) 45 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ നടത്തിവരുന്നു.

3. പരവൂർ-തിരുമുക്ക് റോഡിന് 50 ലക്ഷം രൂപയുടേയും പാരിപ്പള്ളി-പരവൂർ റോഡിന് 70 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) മേൽ സൂചിപ്പിച്ചിരിക്കുന്ന ആദ്യ രണ്ട് പ്രവർത്തികളുടേയും ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മറ്റു രണ്ടു പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് പണികളാരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

പാളയം അടിപ്പാതയ്ക്ക് മുകളിലൂടെ ബ്രിഡ്ജ് ഉണ്ടാക്കുവാൻ നടപടി

107 [1229] ശ്രീ. നാലങ്കത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പാളയത്തെ അടിപ്പാതയുടെ നിർമ്മാണത്തിന് ആകെ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുകൊണ്ട് പാളയത്തെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) ട്രാഫിക് ജാം കുറയ്ക്കുന്നതിനും കിഴക്കേകോട്ടയിൽ നിന്നും സെക്രട്ടേറിയറ്റ്, വി.ജെ.ടി. ഹാൾ വഴി വരുന്ന വാഹനങ്ങൾക്ക് ആശാൻ സ്കയർ ചുറ്റാതെ നേരെ പോകുന്നതിന് അടിപ്പാതയ്ക്ക് മുകളിലൂടെ ഒരു ബ്രിഡ്ജ് ഉണ്ടാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുവാൻ സീബ്രാലൈനടക്കം മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാളയം അടിപ്പാത തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെട്ട 42 കിലോമീറ്റർ റോഡ് വികസനത്തിന്റെ ഭാഗമാണ്. പാളയം അടിപ്പാതയുടെ അടങ്കൽ തുക 834 ലക്ഷം രൂപയാണ്. B.O.T. Annuity വ്യവസ്ഥപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നത്. പണി പൂർത്തിയാക്കിയശേഷം അർദ്ധ വാർഷികമായി 17.749 കോടി രൂപ വീതം 15 വർഷത്തേക്ക് നൽകണമെന്നാണ് കരാർ.

LIBRARY ARCHIVES Kerala Legislative Assembly